# പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ളീം/ക്രിസ്ത്യൻ/ബുദ്ധ /സിഖ്/പാർസി സമുദായങ്ങളിൽപ്പെട്ട പതിനൊന്നാം ക്ളാസുമുതൽ പി.എച്ച്.ഡി. വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2012-13 വർഷത്തിൽ നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ളീം/ക്രിസ്ത്യൻ/ബുദ്ധ /സിഖ്/പാർസി സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം. ഇനിപറയുന്ന കോഴ്സുകളിലൊന്നിലെ ഒന്നാം വർഷ വിദ്യാർത്ഥിയും തൊട്ടു മുൻവർഷത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോ തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം. ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഹയർ സെക്കൻഡറി സ്കൂൾ/കോളേജ് /ഇൻസ്റ്റിറ്റ്യൂട്ടുകൾ/സർവകലാശാലകൾ എന്നിവയിൽ പ്ളസ് ടു/ബിരുദം/ബിരുദാനന്തര ബിരുദം/പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്നവർ, എൻ.ഡി.വി.ടി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ/ഐ.ടി.സി സെന്ററുകളിലെ ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകളിൽ പതിനൊന്നാം ക്ളാസിൽ പഠിക്കുന്നവർ, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിന്റെ പരിധിയിൽ വരാത്ത കോഴ്സുകൾ. അപേക്ഷകരുടെ വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. അപേക്ഷകർ മറ്റു സ്കോളർഷിപ്പുകളോ സ്റൈപ്പന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്. അപേക്ഷകർക്ക് സ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഫെഡറൽ ബാങ്ക്, സൌത്ത് ഇൻഡ്യൻ ബാങ്ക് എന്നിവയിൽ ഏതിലെങ്കിലും ഒന്നിൽ സ്വന്തം പേരിൽ സേവിങ്സ് ബാങ്ക് അക്കൌണ്ട് ഉണ്ടായിരിക്കണം. ഒരേ കുടുബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് ഒരേ സമയം ഈ സ്കോളർഷിപ്പ് നൽകില്ല. സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും. സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ, അപേക്ഷിക്കേണ്ട രീതി, തുടർ നടപടികൾ എന്നിവ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായwww.dcescholarship.kerala.gov.in Â Post Matric Scholarship (PMS) instructions എന്ന ലിങ്കിൽ ലഭിക്കും. അപേക്ഷ ഓൺലൈനായിwww.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ മാത്രമേ നൽകാൻ കഴിയുകയുള്ളൂ. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ് 14 ആണ്. പി.എൻ.എക്സ്.4565/12